LIBRARY ARCHIVES Kerala Legislative Assembly

അരേങ്ങാട്ട് പുഴ പാലം നിർമ്മാണം

368 (1453) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട്ട് പുഴപാലം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട്ട് പുഴ പാലം നിർമ്മാണത്തിനുള്ള ടെണ്ടർ 24-11-2015-ന് ഉറപ്പു. ടെണ്ടറിന് അംഗീകാരം നൽകി കരാറുകാരൻ എഗ്രിമെന്റ് വച്ചതിന് ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

ഞാറ്റുൽ ബീച്ച്-സംസ്ഥാനപാത റോഡിന്റെ എസ്റ്റിമേറ്റ്

369 (1454) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറ്റുൽ ബീച്ചിൽ നിന്നും ജയ് ഹിന്ദ് മൈതാനം വഴി സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റ് ലഭിച്ചുവെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പാത മുതൽ ബീച്ചുവരെയുള്ള റോഡിന്റെ ഭരണാനുമതിക്കായും പ്രത്യേകാനുമതിക്കായും ചീഫ് എഞ്ചിനീയർ സമർപ്പിച്ച 270 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരികയാണ്.

കുറ്റ്യന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

370 (1455) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറ്റ്യന്നൂർ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും; ഇതു സംബന്ധിച്ച് ഡി. പി.ആർ. -ആർ. ബി. ഡി. സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്; എത്ര രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് മറയിരുന്നുമായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത സംരംഭത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ഇനിയൊടകം തീർപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേൽപ്പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാലം നിർമ്മാണം ടെണ്ടർ ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നാണ് പ്രസ്തുത നടപടി എന്ന് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും അറിയിക്കുമോ?

ഉത്തരം

(എ-ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്ത റെയിൽവേ മേൽപ്പാലത്തിന്റെ ആകെ എസ്റ്റിമേറ്റ് തുക ഭൂമി ഏറ്റെടുക്കുന്നതു ഉൾപ്പെടെ 2784.43 ലക്ഷം രൂപയാണ്. ആയതിന്റെ വിശദമായ പദ്ധതി രേഖ സർക്കാർ പരിശോധിച്ച വരുന്നതേയുള്ളൂ. മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

പണയിൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

371.(1456) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെമ്പനിയൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതി നാവശ്യമായ ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പാലം പണി പൂർത്തിയായി രണ്ടുമൂന്നിരുവർഷമെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തതു കാരണം ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമിയുടെ സർക്കിൾ വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly